# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 24, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

## ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് നടപടി

*301 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സാജു പോൾ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവ്, പാൻപരാഗ് മുതലായ ലഹരി പദാർത്ഥങ്ങളുടെ വില്പന വ്യാപിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇവയുടെ വരവ് നിയന്ത്രിക്കുന്നതിലുണ്ടായ വീഴ്ചകൾ പരിഹരിക്കുമോ;

(സി) സംസ്ഥാനത്തെ യുവാക്കളെയും വിദ്യാർത്ഥികളെയും ലക്ഷ്യമിട്ട് വ്യാപകമായിരിക്കുന്ന ലഹരിപദാർത്ഥങ്ങളും അവയുടെ സ്രോതസ്സുകളും കണ്ടെത്തി, ആവശ്യമായ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

(ഡി) ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗവും അനധികൃത വില്പനയും തടയുന്നതിനുള്ള സംവിധാനങ്ങളുടെ പ്രവർത്തനം നിലച്ചുപോയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വിവരാവകാശ നിയമം, സേവനാവകാശ നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം എന്നിവയെക്കുറിച്ച് ബോധവത്കരണം</u>

*302 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ ചൂഷണത്തിൽ നിന്നും മുക്തമാക്കുന്നതിന് 'വിവരാവകാശ നിയമം', 'സേവനാവകാശ നിയമം', 'ഉപഭോക്തൃ സംരക്ഷണ നിയമം' എന്നിവയെക്കുറിച്ച് ത്രിതല പഞ്ചായത്തുകൾ വഴിയും അച്ചടി-ദൃശ്യമാധ്യമങ്ങൾ വഴിയും വ്യാപകമായ ബോധവത്കരണം നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇത്തരത്തിലുള്ള നിയമങ്ങൾ പ്രാവർത്തികമാക്കുന്നതിനും വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അതിജ്വലന വസ്തുക്കൾ വഹിക്കുന്ന വാഹനങ്ങൾ ഉണ്ടാക്കുന്ന അപകടങ്ങൾ</u>

*T-303 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി
,, സി. മോയിൻകുട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിജ്വലന വസ്തുക്കൾ വഹിക്കുന്ന വാഹനങ്ങൾ അശ്രദ്ധമായും, അമിതവേഗത്തിലും തിരക്കേറിയ റോഡുകളിലൂടെ പായുന്നതുമൂലം ഉണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ചും, നാശനഷ്ടങ്ങളെക്കുറിച്ചും ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(ബി) കണ്ണൂരിലെ ചാലയിൽ അപകടമുണ്ടായശേഷവും ഗുരുതരമായ അപകടങ്ങൾ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ 'ചാല' സംഭവത്തിനുശേഷം എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ജ്വലനസാധ്യതയുള്ള വസ്തുക്കളുടെ നീക്കത്തിന് പാലിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങൾ കർശനമാക്കുമോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>മറൈൻ കാർഗോ പദ്ധതി</u>

*304 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറൈൻ കാർഗോ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ദേശീയ ഗെയിംസ്

*305 ശ്രീ. കെ. എൻ. എ. ഖാദർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് സംസ്ഥാനത്തു നടത്തുന്നതിന്റെ ഭാഗമായി നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെയും മറ്റനുബന്ധ നടപടികളുടെയും സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നല്കാമോ;

(ബി) ഏതൊക്കെ പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് മത്സരങ്ങളും താമസസൗകര്യങ്ങളും ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മത്സരവേദികളുടെയും, താമസസൗകര്യമൊരുക്കുന്ന ഗെയിംസ് വില്ലേജുകളുടെയും ഭീമമായ വൈദ്യുതിയാവശ്യം നേരിടാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി സൗരോർജ്ജം പരമാവധി ഉപയോഗപ്പെടുത്താനുള്ള പദ്ധതികൂടി ഇതോടൊപ്പം ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

*306 ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലിൽ ഏതെല്ലാം മേഖലയിൽ നിന്നുളള പ്രഗല്ഭരെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ ഘടന എപ്രകാരമാണ്;

(സി) പ്രസ്തുത കൗൺസിലിന്റെ രൂപീകരണത്തിനായി നാഷണൽ ഇന്നവേഷൻ കൗൺസിലിന്റെ സഹായം തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>പറമ്പിക്കുളം - ആളിയാർ നദീജല കരാർ തമിഴ്നാട് ലംഘിച്ചതിനെതിരെ നിയമ നടപടി</u>

*T-307 ശ്രീ. എം. ഹംസ
,, എ. കെ. ബാലൻ
,, വി. ചെന്താമരാക്ഷൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ നദീജല കരാർ തമിഴ്നാട് ലംഘിച്ചതിനെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് ഡിസംബറിൽ സഭയിൽ മന്ത്രി നൽകിയ ഉറപ്പിന് വിരുദ്ധമായി, സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിൽ കാലവിളംബം വരുത്തിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) മഴക്കാലത്തിനു മുമ്പായി കേസ് പരിഗണനയ്ക്ക് വരാതിരിയ്ക്കാൻ ബോധപൂർവ്വം ചില ഉദ്യോഗസ്ഥന്മാർ കാലതാമസം വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസ് സുപ്രീം കോടതി പരിഗണനയ്ക്കെടുത്തത് എന്നാണെന്ന് അറിയിക്കാമോ;

(സി) വീഴ്ച വരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കേസിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>തീരദേശ കപ്പല്‍ സര്‍വ്വീസ്</u>

*T-308 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, എന്‍. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീര്‍
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തീരദേശ കപ്പല്‍ സര്‍വ്വീസ് മുഖേന സംസ്ഥാനത്തിന്റെ ചരക്കു നീക്കത്തിന് ഉണ്ടാകാവുന്ന നേട്ടങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിനായി ഏര്‍പ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദവിവരം നല്കാമോ;

(സി) കപ്പല്‍ സര്‍വ്വീസിന് ഏതെങ്കിലും അനുബന്ധ ഏജന്‍സികളില്‍ നിന്നും സഹായ വാഗ്ദാനം ഉണ്ടായിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ</u>

*309 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
'' ഹൈബി ഈഡൻ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 'ജോബ് ഫെയർ' സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർ മുഖാന്തിരം നേടിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ സംഖ്യാബലം</u>

*310 ശ്രീ. ആര്‍. സെല്‍വരാജ്
,, പി.എ. മാധവന്‍
,, അന്‍വര്‍ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ സംഖ്യാബലം ജനസംഖ്യാനുപാതികമായി വര്‍ദ്ധിപ്പിക്കാന്‍ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയനുസരിച്ച് എത്രപേര്‍ക്ക് പോലീസ് സേനയില്‍ നിയമനം നല്‍കാനാകും;

(സി) ഇപ്പോഴത്തെ പോലീസ് ജനസംഖ്യാനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

**അധികാര ദുർവിനിയോഗത്തിന്റെ പേരിൽ ലോകായുക്ത എടുത്ത കേസുകൾ**

*311 ശ്രീ. ബി. സത്യൻ
,, പി. കെ. ഗുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണരംഗത്തുള്ളവരുടെ അധികാര ദുർവിനിയോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അധികാര ദുർവിനിയോഗത്തിന്റെ പേരിൽ ലോകായുക്ത എടുത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് അധികാര ദുർവിനിയോഗത്തിന്റെയും മറ്റും പേരിൽ ലോകായുക്ത എടുത്ത കേസുകളേയും അതിൽ ഏതെല്ലാം മന്ത്രിമാർ ഉൾപ്പെട്ടിട്ടുണ്ട് എന്നതിന്റേയും വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>മെഡിക്കൽ രംഗത്തെ മൂല്യശോഷണം</u>

*312 ശ്രീ. എ. എം. ആരിഫ്
,, എം. എ. ബേബി
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഡോക്ടർമാർക്ക് നിലവാരമില്ലെന്ന് കാട്ടി പി.എസ്.സി. ചെയർമാൻ മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കത്തിൽ പ്രതിപാദിച്ച നിർദ്ദേശങ്ങൾ വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ ഡോക്ടർമാരുടെ നിലവാരത്തകർച്ചയ്ക്കുള്ള കാരണങ്ങൾ പരിശോധിക്കുകയുണ്ടായോ ;

(ഡി) നിയന്ത്രണമില്ലാതെ മെഡിക്കൽ കോളേജ് ആരംഭിക്കാനും പ്രവർത്തിപ്പിക്കാനും അനുമതി നൽകിയത്, ഈ രംഗത്ത് മൂല്യശോഷണത്തിനിടയാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

പരിസ്ഥിതിക്ക് അനുയോജ്യമായ വൃക്ഷ ഇനങ്ങൾ

*313 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, കെ.എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനവത്ക്കരണത്തിനും, വ്യാവസായിക ആവശ്യങ്ങൾക്കും വേണ്ടി നട്ടുപിടിപ്പിക്കുന്ന വൃക്ഷഇനങ്ങൾ, പരിസ്ഥിതിക്കും, ഭൂപ്രകൃതിക്കും, പ്രദേശത്തിന്റെ ജലലഭ്യതയ്ക്കും അനുഗുണമാണോ എന്ന് പരിശോധിക്കാറുണ്ടോ;

(ബി) സ്വാഭാവിക വനമേഖലയും, പ്ലാന്റേഷൻ മേഖലയും പരിസ്ഥിതിയിലും, കാലാവസ്ഥാമാറ്റത്തിലും വരുത്തുന്ന സ്വാധീനത്തെ ക്കുറിച്ച് താരതമ്യപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(സി) മാഞ്ചിയം, അക്കേഷ്യ, യൂക്കാലി തുടങ്ങിയ ഇനം വൃക്ഷങ്ങൾ, ജലചൂഷണം വൻതോതിൽ നടത്തുന്നതായും, മഴമേഘ സാഹചര്യം സൃഷ്ടിക്കുന്നില്ലെന്നുമുളള വാദഗതികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്ക് നൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്റർ

*314 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ന്യൂട്രിഷൻ റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>കേരള ശാസ്ത്ര കോൺഗ്രസിന്റെ വിലയിരുത്തൽ</u>

*315 ശ്രീ.എ. പ്രദീപ്കുമാർ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ആർ. രാജേഷ്
'' കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവേഷണമേഖലയിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നില്ലെന്ന കേരള ശാസ്ത്ര കോൺഗ്രസിന്റെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിമർശനത്തിനിടയായ സാഹചര്യം വിലയിരുത്തുകയുണ്ടായോ;

(സി) ഗവേഷണ സ്ഥാപനങ്ങൾ പൊതുവിൽ പ്രതിസന്ധിയിലകപ്പെട്ടത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ഗവേഷണ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

പട്ടികജാതി–പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

*316 ശ്രീ. സി. കെ. സദാശിവൻ
,, എസ്. രാജേന്ദ്രൻ
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി–പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ നിശ്ചിത സമയപരിധിക്കുള്ളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിലും മറ്റ് മേൽ നടപടികൾ സ്വീകരിക്കുന്നതിലും പോലീസ് വീഴ്ച വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

കെ. എസ്. ബി. സി. യുടെ സാമൂഹ്യ സുരക്ഷിതത്വ പ്രവർത്തനങ്ങൾ

*317 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷിതത്വ പ്രവർത്തനങ്ങൾക്ക് ധനം ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ തുക മാറ്റി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുന്നതിനായി കെ.എസ്. ബി. സി. എന്ത് തുക പ്രതിവർഷം നീക്കിവയ്ക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; പ്രസ്തുത തുക ഏതെല്ലാം പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) മദ്യാസക്തിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനുള്ള ചെലവ് പ്രസ്തുത തുകയിൽ നിന്ന് നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ഹരിതയൗവ്വനം പദ്ധതി</u>

*318 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബല്‍റാം
,, ഹൈബി ഈഡന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) യുവജനക്ഷേമ ബോര്‍ഡ് ഭക്ഷ്യസുരക്ഷയില്‍ യുവാക്കളെ പങ്കാളികളാക്കി ഹരിത യൗവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജന്‍സികളും വകുപ്പുകളുമാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ആറന്മുള എയർപോർട്ട് ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ

*319 ശ്രീ. പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എയർപോർട്ട് ആരംഭിക്കാൻ എന്തെല്ലാം അനുമതികൾ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്;

(ബി) നിർദ്ദിഷ്ട എയർപോർട്ടിന് എത്ര ഏക്കർ ഭുമി ആവശ്യമാണ്;

(സി) ആവശ്യമായ അത്രയും ഭൂമിയോ, അനുമതികളോ ഇല്ലാതെ ജനങ്ങളുടെ എതിർപ്പിനെ വകവയ്ക്കാതെ, എയർപോർട്ട് കമ്പനിയിൽ 10 ഷെയർ എടുക്കാൻ സർക്കാർ ധൃതിപിടിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) പത്തനംതിട്ട ജില്ലാ കളക്ടർ എയർപോർട്ടുമായി ബന്ധപ്പെട്ട് 2013 ജനുവരി 1 നു ശേഷം സർക്കാരിനു അയച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ മുസ്ലീം വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിക്കാൻ നടപടി</u>

*320 ശ്രീ. പി.ബി.അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
'' വി.എം.ഉമ്മർ മാസ്റ്റർ
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്ന നിയമനങ്ങളിൽ മുസ്ലീം വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ലിസ്റ്റിൽ വേണ്ടിടത്തോളം ഉദ്യോഗാർത്ഥികൾ ഉണ്ടായിരിക്കുമ്പോഴും, നിയമനങ്ങളിൽ പ്രാതിനിധ്യക്കുറവു വരാനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംവരണ ടേൺ നിശ്ചയിക്കുന്നത് ഇരുപതിന്റെ ബ്ലോക്ക് തിരിച്ചിട്ടുള്ള നിലവിലെ രീതിയാണ് ഈ പ്രാതിനിധ്യക്കുറവിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ശുദ്ധ ജല മത്സ്യങ്ങളുടെ വംശനാശ ഭീഷണി</u>

*321 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധ ജല മത്സ്യഇനങ്ങളുടെ വംശനാശ ഭീഷണി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) ലഭ്യമായ എല്ലാ മത്സ്യ ഇനങ്ങളെയും സംബന്ധിച്ച വിവരശേഖരണം നടത്തി ക്രോഡീകരിച്ചിട്ടുണ്ടോ;

(ഡി) വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന ഇനങ്ങളെ സംരക്ഷിച്ച് അവയുടെ വംശ വർദ്ധന നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

എം. ബി. ബി. എസ്. പ്രവേശന പരീക്ഷയുടെ ചോദ്യ പേപ്പർ ചോർത്തിയ സംഭവം

*322 ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. ബി. ബി. എസ്.പ്രവേശനത്തിനായി വൻതുക കോഴ നൽകിയ വിദ്യാർത്ഥികൾക്കായി സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് കോഴിക്കോട് നടത്തിയ പ്രവേശനപരീക്ഷയുടെ ചോദ്യപേപ്പർ ചോർത്തി രഹസ്യ പരിശീലനം നൽകിയതായ ആക്ഷേപം ഉയർന്നുവന്ന സാഹചര്യത്തിൽ വിജിലൻസ്/ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) സംഭവത്തിൽ പ്രതിഷേധിച്ച് വിദ്യാർത്ഥി- യുവജന സംഘടനകൾ കോഴിക്കോട്ടെ പ്രവേശന പരീക്ഷാ കേന്ദ്രത്തിലേക്ക് നടത്തിയ മാർച്ചിനു നേരെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായോ; വിദ്യാർത്ഥികളെ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ടോ; ലാത്തിച്ചാർജ്ജിൽ പരിക്ക് പറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുണ്ടോ; വിശദാംശം നൽകുമോ;

(സി) ലക്ഷങ്ങൾ കോഴ വാങ്ങിയതായി തെളിഞ്ഞ ഏതെല്ലാം മാനേജ്മെന്റുകൾക്കെതിരെ കേസെടുത്തിട്ടുണ്ട്; അവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വിമാനടിക്കറ്റ് നിരക്കുകളിൽ വരുത്തിയ വർദ്ധന</u>

*323 ശ്രീ. എളമരം കരീം
,, റ്റി. വി. രാജേഷ്
,, കെ. വി. അബ്ദുൾ ഖാദർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യരാജ്യങ്ങളിൽ തൊഴിൽ നേടിയ മലയാളികളെ വിമാന കമ്പനികൾ കൊള്ളയടിക്കുന്ന സ്ഥിതിവിശേഷം ഇപ്പോഴും നടക്കുന്നതായി അറിയാമോ;

(ബി) ആഭ്യന്തര സർവ്വീസുകളിലും വിദേശ സർവ്വീസുകളിലും വിമാന ടിക്കറ്റ് നിരക്കുകളിൽ വരുത്തിയ വർദ്ധന ഇന്നേവരെ ഉണ്ടാകാത്ത നിലയിലാണെന്ന കാര്യം അറിയാമോ;

(സി) ഉത്സവകാലങ്ങളിൽ, വിമാന കമ്പനികൾ യുക്തിരഹിതമായും മത്സരബുദ്ധിയോടെയും ടിക്കറ്റ് നിരക്കുകൾ ഉയർത്തുന്ന നില അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാദ്ധ്യമായിട്ടുണ്ടോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

*324 ശ്രീ. വി. ശിവൻകുട്ടി
,, എം.എ. ബേബി
,, ബി. സത്യൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഡൊമസ്റ്റിക് ടെർമിനൽ ഉൾപ്പെടെയുള്ള മൂന്നാംഘട്ട പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണെന്നറിയാമോ ;

(സി) വികസനം ത്വരിതപ്പെടുത്താനായി രൂപീകരിക്കപ്പെട്ട ട്രിയാഡ്സിന്റെ പ്രവർത്തനവും നിലച്ചിരിക്കുന്നത് സർക്കാരിനറിയാമോ ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ദേശീയ ഇന്നവേഷൻ കൗൺസിൽ

*325 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ഇ. പി. ജയരാജൻ
ഡോ. ടി. എം. തോമസ് ഐസക്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഇന്നവേഷൻ കൗൺസിൽ അദ്ധ്യക്ഷൻ ശ്രീ. സാം പിട്രോഡ നിർദ്ദേശിച്ച 10 വികസന പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി രൂപം നൽകിയ കോ–ഓർഡിനേഷൻ കമ്മിറ്റി ഏതെങ്കിലും പദ്ധതിയുടെ ഡി. പി. അർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ;

(സി) ഈ പദ്ധതികൾ ഓരോന്നും നടപ്പാക്കുന്നതിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; ഇതിനായി ബജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതികളിൽ ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ സഹകരണം ഉറപ്പായവ ഏതൊക്കെയാണ്; ഏതെല്ലാം നിലയിലുള്ള സഹായങ്ങളാണ് ലഭിക്കുക?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മറൈൻ ഹൈവേ</u>

*326 ശ്രീ. ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറൈൻ ഹൈവേ യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ തുറമുഖവകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ</u>

*T-327 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ വർഷത്തെ ബജറ്റിൽ പ്രസ്തുത കോർപ്പറേഷനുമായി ബന്ധപ്പെട്ട എന്തെല്ലാം ഘടകങ്ങൾക്ക് എന്തെല്ലാം സഹായം നൽകുവാൻ ഉദ്ദേശിക്കുന്നു;

(സി) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവർക്ക് എന്തെല്ലാം നിലയിലുളള സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഇതിനായി ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ബോർഡ് ഡയറക്ടർമാർ ആരൊക്കെയാണ്; കമ്പനിയുടെ അടച്ചുതീർത്ത ഓഹരി മൂലധനം എത്ര; ഏറ്റവും ഒടുവിലത്തെ ബാലൻസ്ഷീറ്റ് ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്</u>

*328 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഇതിനായുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്നും ജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാകാൻ സാധിക്കുന്ന രീതിയിലുള്ള പരിശീലന പരിപാടികൾ ഇവർക്കായി ആസൂത്രണം ചെയ്യുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

പി. എസ്സ്. സി. അംഗങ്ങളുടെ എണ്ണം

*329 ശ്രീ. ജി. സുധാകരൻ
,, എ. കെ. ബാലൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിലെ കമ്മീഷനുകളിലെ അംഗ സംഖ്യ എട്ടിൽ താഴെയാണെന്നത് അറിയാമോ;

(സി) പി.എസ്.സി യുടെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ അനുവദിച്ചിട്ടുണ്ടോ;

(ഡി) ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിൽ ധന കാര്യ വകുപ്പ് പ്രതികൂല നടപടികളെടുക്കാനുണ്ടായ സാഹചര്യമെന്താണ്;

(ഇ) നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം വെട്ടിക്കുറക്കുവാനുണ്ടായ കാരണങ്ങൾ അറിയിക്കുമോ;

(എഫ്) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താതെ പി.എസ്.സി അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കാരണമെന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ജയിലുകളുടെയും, ജയിൽ പുള്ളികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി</u>

*330 ശ്രീ. എൻ. ഷംസുദ്ദീൻ
,, പി. ബി. അബ്ദുൾ റസാക്
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ജയിലുകളുടെയും ജയിൽ പുള്ളികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ജയിൽ പുള്ളികളുടെ മാനസിക സംഘർഷം ഇല്ലാതാക്കുന്നതിനും കുറ്റവാസനകളുള്ളവരെ നേർവഴിക്കു കൊണ്ടുവരുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ജയിൽ ഭക്ഷണവില്പന പദ്ധതി വിജയപ്രദമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 15.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.[ചട്ടം47(1)]

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.